08/02/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Suresh A R    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/02/2025

1. കോഴിക്കോട് കലിക്കറ്റ് അഗ്രി- ഹോർട്ടികൾച്ചറൽ സൊസൈറ്റി നടത്തുന്ന പുഷ്പോത്സവത്തിന് കോഴിക്കോട്ബീച്ച് മറൈൻ ഗ്രൗണ്ടിൽ തുടങ്ങി. 16,000 ചതുരശ്ര അടിയിലാണ് പൂന്തോട്ടം ഒരുക്കിയിരിക്കുന്നത്. കൃത്രിമമായി നിർമിച്ച അക്വാസ്കെപ്പിങ്, 3000 ചതുരശ്ര അടിയിൽ പച്ചക്കറിത്തോട്ടം തുടങ്ങിയവയുമുണ്ട്. ഒട്ടേറെ നഴ്സറികളുടെ സ്റ്റാളുകളും ഫ്ലവർഷോയിൽ ഉണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടേതുൾപ്പെടെ വിവിധ സ്റ്റാളുകളും കുടുംബശ്രീ മിഷന്റെ ഫുഡ് കോർട്ടുമുണ്ട്.ഹൗസിങ് ബോർഡ് ചെയർ മാൻ ടി വി ബാലൻ ഉദ്ഘാടനം ചെയ്തു. രാവിലെ പത്തുമുതൽ രാത്രി പത്തുവരെയാണ് പ്രദർശനം. മുതിർന്നവർക്ക് 70 രൂപയും കുട്ടികൾക്ക് 30 രൂപയുമാണ് ടിക്കറ്റ് നിരക്ക്. ഫെബ്രുവരി 16ന് പുഷ്പോത്സവം അവസാനിക്കും.

2. പാലോടിന്റെ ദേശീയ മഹോത്സവമായ കന്നുകാലി ചന്തയും കാർഷിക -കലാ-സാംസ്കാരിക മേളയും ഇന്ന് മുതൽ (ഫെബ്രുവരി 07 മുതൽ) ഫെബ്രുവരി 16 വരെ പാലോട് നടക്കും. പത്ത് ദിവസം നീണ്ടു നിൽക്കുന്ന മഹാമേള 62 - മത് വർഷമാണ് ഇപ്പോൾ സംഘടിപ്പിക്കുന്നത്. മേളയോടനുബന്ധിച്ച് വിവിധ സെമിനാറുകൾ, മത്സരങ്ങൾ, കലാപരിപാടികൾ, സമ്മേളനങ്ങൾ, കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കും. മന്ത്രിമാരായ കെ എൻ ബാല ഗോപാൽ, ജി ആർ അനിൽ, ചിഞ്ചുറാണി എന്നിവർ വിവിധ സമ്മേളനങ്ങളിൽ പങ്കെടുക്കും. ഇതിനു പുറമേ വിവിധ പുഷ്പ-ഫല-സസ്യ ഔഷധസസ്യങ്ങളുടെ പ്രദർശനവും വിപണനവും മേളയിൽ ഒരുക്കി യിട്ടുണ്ട്. 200ൽ പരം സ്റ്റാളുകൾ പ്രത്യേകമായി തയ്യാറാക്കിക്കഴിഞ്ഞു. വിനോദത്തിനായി അമ്യൂസ്മെന്റ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പാർക്ക്, കേളത്തിലെ നാടൻ വിഭവങ്ങളും മറ്റു വിഭവങ്ങളും ലഭ്യമാക്കുന്ന ഫുഡ് ഫെസ്റ്റും ഇത്തവണത്തെ മേളയുടെ പ്രത്യേകതയാ ണ്.

3. സംസ്ഥാനത്തെ ഏക ഓറഞ്ച് ഫാമായ നെല്ലിയാമ്പതി ഗവൺമെൻറ് ഓറഞ്ച് & ആൻറ് വെജിറ്റബിൾ ഫാമിന്റെ നേതൃത്വത്തിൽ NATOURA '25 എന്ന പേരിൽ അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് ഫെബ്രുവരി 10 വരെ നടന്നു വരുന്നു. കാർഷികാനുബന്ധ പ്രദർശന വിപണന സ്റ്റാളുകൾ, സെമിനാറുകൾ, ശില്പശാലകൾ, ഫ്ളവർ ഷോ, പോളിഹൗസ് ഹൈടെക്ക് കൃഷി & ഓപ്പൺ പ്രിസിഷൻ ഫാമിംഗ് പ്ലോട്ടുകളുടെ സന്ദർശനം, സ്ട്രോബെറി കൃഷി, പാഷൻ ഫ്രൂട്ട് കൃഷി തുടങ്ങിയ പഴവർഗ കൃഷിയിട സന്ദർശനം, കാർഷിക ക്വിസ് മത്സരം, കുതിര സവാരി, കലാ കായിക മത്സരങ്ങൾ, കലാവിരുന്നുകൾ, ഭക്ഷ്യമേള തുടങ്ങിയവ സന്ദർശകർക്കായി ഫെസ്റ്റിൽ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്കും വിദ്യാർത്ഥികൾക്കും ഉള്ള ക്വിസ് മത്സരങ്ങൾ, ഔഷധ സസ്യ കൃഷിയും സംരക്ഷണവും എന്ന വിഷയത്തിലുള്ള സെമിനാർ, യുവ കർഷകർക്കായുള്ള ഹൈടെക്ക് കൃഷി പരിശീലന പരിപാടി, ഫാം ആൻറ് ഇക്കോ ടൂറിസം വർക്ക് ഷോപ്പ്, 'നെല്ലിയാമ്പതി ഇന്നലെ ഇന്ന് നാളെ' വിഷയത്തിലൂന്നിയുള്ള ഓപ്പൺ ഫോറം, വൈകുന്നേരങ്ങളിൽ കലാവിരുന്നുകൾ, വോളിബോൾ ടൂർണമെൻറ് മുതലായ വൈവിധ്യമാർന്ന പരിപാടികൾ ഇതോടനുബന്ധിച്ച് നടത്തപ്പെടുന്നു. ഈപരിപാടിയുടെ ഉദ്ഘാടന കർമ്മം 06.02.2025ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിച്ചു . നെന്മാറ നിയോജകമണ്ഡലം എം.എൽ.എ. കെ .ബാബു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു .

4. വിതുര ജഴ്സി ഫാമില് പച്ച ചാണകം ഒരു ടണ്ണിന് 1500/- രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പര് 9495582387.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. ക്ഷീരവികസന വകുപ്പിന്‍്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ഫെബ്രുവരി 14 മുതൽ 15 വരെ 2 ദിവസങ്ങളിലായി "സുരക്ഷിതമായ പാൽ ഉല്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 12.02.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്‍്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

6. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി 10, 11 തീയതികളിൽ വാഴയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്ന നിർമ്മാണത്തെക്കുറിച്ചുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വാഴപിണ്ടിയിൽ നിന്നും ഹെൽത്ത് ഡ്രിങ്ക്സ്, ബനാന ഫിഗ്, ചെറു വാഴയിനങ്ങളിൽ നിന്നും ഹെൽത്ത് മിക്സ്, ബനാന ടോഫി, ഹൽവ, അച്ചാറുകൾ, കുക്കീസ് etc. എന്നീ ഉത്പന്നങ്ങളാണ് പരിശീലിപ്പിക്കുന്നത്. 1000 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ0479-2959268, 2449268, 9447790268 എന്നീ ഫോൺ നമ്പറുകളിൽ മുൻകൂട്ടി വിളിച്ചു രജിസ്റ്റർ ചെയ്യുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ഫെബ്രുവരി 10 മുതൽ 14 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **9446976726** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in